**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ: അക്കൗണ്ട്സ്-1/ജി പി എ ഐ എസ് /2020 02-12-2019

## <u>പരിപത്രം</u>

വിഷയം: **ജി .പി .എ .ഐ എസ്** - 2020 **നോമിനേഷൻ** നൽകുന്നത് - സംബന്ധിച്ച്.

സൂചന : സ . ഉ **(അച്ചടി) നം.** 159/2019/ ധന, തിരുവനന്തപുരം, തീയതി: 18-11-2019.

**കേരളം സംസ്ഥാന ഇൻഷുറൻസ്** വകുപ്പ് **മുഖേന** നടപ്പിലാക്കിയ **ഗ്രൂപ്പ് പേഴ്സണൽ ആക്സിഡൻറ് ഇൻഷുറൻസ്** പദ്ധതി (GPAIS) **വേണ്ട ഭേദഗതികളോടെ** ദീർഘിപ്പിക്കുന്നതിനും 01/01/2020 **മുതൽ** 31/12/2020 വരെ പുതുക്കി നടപ്പാക്കുന്നതിനുമായി **സൂചന** പ്രകാരം സർക്കാർ **ഉത്തരവായിരിക്കുന്നു**. 01/01/2019 **മുതൽ** 30/11/2019 **വരെ** സർവ്വീസിൽ പ്രവേശിച്ച **ജീവനക്കാരുടെ** 2020 വർഷത്തേക്കുള്ള പ്രീമിയം തുക നവംബർ മാസത്തെ ശമ്പളത്തിൽ **നിന്ന്** കിഴിവ് ചെയ്ത് 2019 ഡിസംബർ 31 **നുള്ളിൽ** ട്രഷറിയിൽ ഒടുക്കേണ്ടതുണ്ട്. **മേൽപറഞ്ഞിട്ടുള്ള കാലയളവിൽ** സർവീസിൽ പ്രവേശിച്ചിട്ടുള്ള **ജീവനക്കാർ** GPAIS **പദ്ധതിയുടെ** നോമിനേഷൻ ഫോം പൂരിപ്പിച്ച് അക്കൗണ്ട്സ്-1 സെക്ഷനിൽ ഉടൻ തന്നെ നൽകേണ്ടതാണ്. ശൂന്യ വേതനാവധി/ അന്യത്ര സേവനം/ മറ്റ് ഏതെങ്കിലും അവധിയിലുള്ളവർ/ എന്തെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്തവർ എന്നിവർ 2019 ഡിസംബർ 31-നകം പ്രീമിയം തുക (Rs.590/-) ട്രഷറിയിൽ നേരിട്ട് ഒടുക്കേണ്ടതാണ് (ശീർഷകം 8658-102-88-Suspense Account-GPAI Fund). ഇൻഷുറൻസ് പരിരക്ഷ ആഗ്രഹിക്കുന്ന **ജീവനക്കാർ** അവരുടെ പ്രീമിയം യഥാസമയം ഒടുക്കിയെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇനിയും നോമിനേഷൻ ഫോം നൽകാത്തവരും ടി ഫോം പൂരിപ്പിച്ച് നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ നോമിനേഷൻ ഫോം നൽകിയ **ജീവനക്കാർ** അവരുടെ അവകാശികളിൽ മാറ്റം വരുത്തുകയോ/ കൂട്ടിച്ചേർക്കുകയോ ചെയ്യേണ്ട സാഹചര്യത്തിൽ മാത്രമേ പുതിയ നോമിനേഷൻ ഫോം നൽകേണ്ടതുള്ളൂ. ഇതിനോടൊപ്പം ചേർത്തിട്ടുള്ള നോമിനേഷൻ ഫോം കോപ്പി എടുത്ത് പൂരിപ്പിച്ച് **16-12-2019 - 4 PM** ന് മുമ്പായി അക്കൗണ്ട്സ്-1 സെക്ഷനിൽ നൽകേണ്ടതാണ്. നോമിനേഷൻ ഫോം പൂരിപ്പിച്ച് നൽകാത്തവർക്ക് ക്ലെയിം ലഭിക്കുന്നതല്ല.

ഒപ്പ്

**ഫിനാൻസ് ഓഫീസർ(i/c)**

പകർപ്പ്:

1. എല്ലാ സെക്ഷനുകളും.
2. വൈസ് ചാൻസലർ/ പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ.
4. പി.ആർ.ഒ/ റെക്കോർഡ്സ് സെക്ഷൻ.
5. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി.

2/12 Asst.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ